"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം- ഡോ.ആനന്ദ് ലോറൻസ് . അസിസ്റ്റന്റ് സർജൻ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പൂവാർ - തിരുവനന്തപുരം എസ്.എ.പി. യൂണിറ്റ് ആശുപത്രിയിൽ അന്യത്രസേവനം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര(കെ) വകുപ്പ്

സ.ഉ.(സാധാ) നം.1955/2024/HOME തീയതി,തിരുവനന്തപുരം, 10-07-2024

---

പരാമർശം:- 1. 10.05.2013 -ലെ 42/2013/ധന നമ്പർ സർക്കുലർ

2. 28.11.2013 -ലെ സ.ഉ. (പി) നം.580/2013/ധന

3 ഡോ.ആനന്ദ് ലോറൻസ് 23.03.2024-ൽ സമർപ്പിച്ച അപേക്ഷ

4 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15.05.2024-ലെ ഇഎ3/9721/2024-ആവഡ നമ്പർ കത്ത്

5 സംസ്ഥാന പോലീസ് മേധാവിയുടെ 19.06.2024- ലെ എ8/90265/2024/പിഎച്ച്ക്യൂ നമ്പർ കത്ത്

<u>ഉത്തരവ്</u>

തിരുവനന്തപുരം എസ്.എ.പി യൂണിറ്റ് ആശുപത്രിയിൽ ഒഴിവുള്ള മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് അന്യത്രസേവനം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പൂവാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ അസിസ്റ്റന്റ് സർജൻ ഡോ.ആനന്ദ് ലോറൻസ് പരാമർശം 3 പ്രകാരം സമർപ്പിച്ച അപേക്ഷ പരമാർശം 5 പ്രകാരം സംസ്ഥാന പോലീസ് മേധാവി ശിപാർശ ചെയ്തിട്ടുണ്ട്. ടിയാന്റെ സേവനം മാതൃവകുപ്പിൽ നിന്നും വിട്ടുനല്കുന്നതിന് പരാമർശം 4 പ്രകാരം ആരോഗ്യവകുപ്പ് ഡയറക്ടർ നിരാക്ഷേപപത്രം നല്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൂവാർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ അസിസ്റ്റന്റ് സർജൻ ഡോ.ആനന്ദ് ലോറൻസിന് തിരുവനന്തപുരം എസ്.എ.പി യൂണിറ്റ് ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള മെഡിക്കൽ ഓഫീസർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥകൾ പ്രകാരം ഒരു വർഷത്തേയ്ക്ക് അന്യത്രസേവനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അന്യത്രസേവന കാലാവധിയ്ക്കുള്ളിൽ ഡോ.ആനന്ദ് ലോറൻസിന് സ്ഥാനക്കയറ്റം ലഭിക്കുകയാണെങ്കിലോ, അന്യത്രസേവന കാലാവധിയ്ക്ക് ശേഷം അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച് സർക്കാർ അനുമതി ലഭിച്ചിട്ടില്ലെങ്കിലോ ടിയാന്റെ അന്യത്രസേവനം അവസാനിപ്പിച്ച് മാതൃവകുപ്പിൽ തിരികെ പ്രവേശിക്കേണ്ടതാണ്. അല്ലാത്തപക്ഷം കേരളാ സർവീസ് ചട്ടങ്ങൾ ഭാഗം 1 ലെ ചട്ടം 140 (സി) പ്രകാരം ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതും ടി കാലയളവ് പെൻഷൻ, വാർഷിക വേതന വർദ്ധനവ് എന്നിവയ്ക്ക്

പരിഗണിക്കാതിരിക്കുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYANTHI B S
ഡെപ്യൂട്ടി സെക്രട്ടറി

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
ജില്ലാ പോലീസ് മേധാവി, തിരുവനന്തപുരം
കമാണ്ടന്റ്, എസ്.എ.പി ബറ്റാലിയൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) , തിരുവനന്തപുരം
ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം
ഡോ.ആനന്ദ് ലോറൻസ്, അസിസ്റ്റന്റ് സർജൻ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പൂവാർ (ഡയറക്ടർ, ആരോഗ്യവകുപ്പ് മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Smitha K P
സെക്ഷൻ ഓഫീസർ
Date: 11-07-2024 17:12:03

പകർപ്പ് -ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

<u>മേലെഴുത്തു നം.ഇഎ3-9721/2024ആവഡ തിയതി. 18-07-2024</u>

ഡോക്ടർ ആനന്ദ് ലോറൻസ് അസിസ്റ്റന്റ് സർജന് അന്യത്ര സേവനം അനുവദിച്ച സർക്കാർ ഉത്തരവായിട്ടുണ്ട് ആയതു അറിവിലേക്കും അനന്തര നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാവുന്നതാണ്.

**Signed by Beena K B**
**Date: 18-07-2024 12:21:21**

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി